**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആലുവ - മൂന്നാർ രാജപാതയുടെ പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലുവ-മൂന്നാർ രാജപാത തുറന്നു നൽകുന്നതിനും രാജപാതയുടെ പുനർ നിർമ്മാണത്തിനും വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | ആലുവ-മൂന്നാർ റോഡുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. കുട്ടൻഗോപാലൻ ഫയൽ ചെയ്ത WP(C)-6004/25 നമ്പർ കേസിന്റെ ഇടക്കാല ഉത്തരവ് പ്രകാരം, പാരിസ്ഥിതിക, നിയമ, വികസന വശങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി, ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായും, ലാൻഡ് റവന്യൂ കമ്മീഷണർ, ചീഫ് എൻജിനീയർ പൊതുമരാമത്ത് (റോഡ്) എന്നിവരെ മെമ്പർമാരായും നിയോഗിച്ചുകൊണ്ട് ഹൈലെവൽ എക്സ്പെർട്ട് കമ്മിറ്റി 22.09.2025- ലെ ജി.ഒ.(ആർ.റ്റി) നം. 398/2025-വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ